


**നഗരത്തിൽ ഇന്ന്**

- ഓണത്തോടനുബന്ധിച്ച് ഐ.ആർ.ഡി.പി. മേള. മോഡൽ ഗേൾസ് എച്ച്.എസ്.എസ്. രാവിലെ മുതൽ.

**പച്ചക്കൂസ്**

**തൃശൂരിൽ ട്രാഫിക് ട്രെയിനിങ് സ്കൂൾ തുടങ്ങും**




അതിനെന്തിനാ ഒരു സ്കൂൾ! ഓണക്കാല നഗരത്തിരക്കിൽ ഒന്നിറക്കിയാൽ പോരേ!

# ഓണമുണ്ണാൻ വന്ന 'പറവൈ'

"എന്തൊക്കെയായാലും ഓണത്തിന് വീട്ടിലെത്തണം" മധുരയിലെ ഗരുഡപറവൈയുടെ സെറ്റിൽ നിന്ന് സംവിധായകൻ വിവേകാനന്ദനോട് നായിക പൂജയ്ക്ക് ഒറ്റ ഡിമാൻറ ഉണ്ടായിരുന്നുള്ളു. ഷൂട്ടിങ് ടൈറ്റാണ്. രാവിലെ 9നു തുടങ്ങിയാൽ പുലർച്ചെ മാത്രമേ തീരൂ. ''ഓണത്തിന് ഒരു ദിവസം പോരേ'' എന്നാണ് സംവിധായകൻെറ ചോദ്യം. പൂജയ്ക്കാണെങ്കിൽ ഉത്രാടത്തിന് അച്ഛൻെറ വീട്ടിൽ ഓണം കൂടണം.

തിരുവോണത്തിന് സ്വന്തം വീട്ടിലും. ചുരുങ്ങിയത് നാലുദിവസമെങ്കിലും പൂക്കളം തീർക്കണമെന്നുമുണ്ട്. അപ്പോഴാണ് സംവിധായകൻ ചോദിച്ചത്: 'ഒറ്റദിവസം മതിയോ എന്ന്?' ക്രൈം ത്രില്ലറിലെ നായികക്ക് അതും നായകനില്ലാത്ത ചിത്രം - കരച്ചിൽവന്നു. പക്ഷേ സംവിധായകൻെറത് ഒരു ചിന്ന നമ്പറായിരുന്നു. മലയാളികളുടെ ഓണബഹളത്തെപ്പറ്റി നമുക്കായി പൂക്കളും പച്ചക്കറികളും അരിയുമൊക്കെ ഉല്പാദിപ്പിക്കുന്ന നാട്ടുകാർക്ക് നല്ല ബോധ്യമാണ്.

ഏതായാലും മോശമല്ലാത്ത അവധിയും പിടിച്ചുവാങ്ങിയാണ് പൂജ അച്ഛൻ വിജയനൊപ്പം വെള്ളിയാഴ്ച രാവിലെ 4 മണിക്ക് കിരാലൂരെ ഞാറേക്കാട്ട് വീട്ടിലെത്തിയത്. ചെറിയൊരു പൂച്ചയുറക്കം കഴിഞ്ഞ് അമ്മ വിലാസിനിക്കൊപ്പം മുറ്റത്ത് പൂക്കളമിട്ടപ്പോഴാണ് ആശ്വാസമായത്.

സ്വർണക്കസവിൻെറ സെറ്റുസാരിയിൽ പൂക്കളം കാണുന്ന പൂമരംപോലെ തിളങ്ങി തമിഴകത്ത് പ്രശസ്തയായിക്കൊണ്ടിരിക്കുന്ന ഈ നടി. മൂന്നു നടിമാർ ഉപേക്ഷിച്ചുപോയ നായികാവേഷമാണ് ഗരുഡപറവൈയിൽ പൂജയുടേത്. മധുചെന്നൈ എന്ന ചിത്രം പുറത്തുവന്നുകഴിഞ്ഞു. മലയാളത്തിൽ ചന്ദ്രമോഹൻെറ സുന്ദരകല്യാണം സപ്തംബറിൽ റിലീസു ചെയ്യും. അതിൽ 'സുഹറ' എന്ന പ്രധാനവേഷമാണ് ഈ നടിക്ക്. ത്രിൽ എന്ന മലയാള ചിത്രത്തിലാണ് ആദ്യം നായികയായി അഭിനയിച്ചത്. അപ്പാച്ചി, റോമിയോ എന്നിവയിലും വേഷമിട്ടു.

കലാമണ്ഡലത്തിൽ നിന്ന് മോഹിനിയാട്ടത്തിൽ 'എം.എ.' കഴിഞ്ഞ പൂജക്ക് കേരളീയതയെക്കുറിച്ച് പറഞ്ഞുകൊടുക്കേണ്ട കാര്യമില്ല. അച്ഛന് ജോലി ഗുജറാത്തിലാകയാൽ പ്രീഡിഗ്രി വരെ ഗാന്ധിനഗറിലായിരുന്നു നടിയുടെ വാസം. അഞ്ചാം ക്ലാസുമുതൽ കഥകും മോഹിനിയാട്ടവും പഠിച്ചു. പക്ഷേ സ്കൂളിൽ അതിനൊന്നും വലിയ പ്രോത്സാഹനം ഉണ്ടായിരുന്നില്ല. മലയാളിസമാജത്തിൻെറ ഓണാഘോഷമായിരുന്നു ആകെയുള്ള അരങ്ങ്. എല്ലാവർഷവും അതിനായി കാത്തിരിക്കും. അങ്ങനെ ഓണമാണ് തൻെറ ചിലങ്കകളെ കാത്തതെന്ന് പൂജ പറയും. സൂര്യയിലെ 'മോഡൽ ഓഫ് ദ വീക്ക്' ആയി തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് കേശവദേവിൻെറ 'പ്രതിജ്ഞ' സീരിയലാക്കിയപ്പോഴും അതിൽ വേഷമിട്ടു. അവിടെ നിന്നും സിനിമയിലേക്ക് ചുവടുവെച്ചു.

മലയാളത്തിൽ പൂജക്ക് നല്ലൊരു കുതിപ്പാകുമായിരുന്ന ചിത്രം ഇതുവരെ പുറത്തിറങ്ങിയിട്ടില്ല. കുമാരനാശാൻെറ ചണ്ഡാലഭിക്ഷുകിയെ ആസ്പദമാക്കി ജി. അജയൻ സംവിധാനം ചെയ്ത 'ബോധി' യാണത്. അതിലെ മാതംഗിയെന്ന മുഖ്യവേഷം ഈ യുവനടിക്കാണ്. ജ്യോതിർമയി ചെയ്യാനിരുന്ന വേഷമാണ് പൂജക്ക് കിട്ടിയത്. ചണ്ഡാലത്തിയായി അഭിനയിക്കേണ്ട നടിക്ക് ഇത്ര വെളുപ്പുവേണ്ടെന്ന പക്ഷമായിരുന്നു സംവിധായകന്. പക്ഷേ പാറപ്പുറത്തുനിന്നും വീഴുന്ന ആദ്യ ഷോട്ടോടെ മനംമാറി. മാതംഗിയായി പൂജ ജീവിച്ചു. ഈ ഓണം കഴിഞ്ഞാൽ ആ ചിത്രം പുറത്തിറങ്ങുമെന്ന പ്രതീക്ഷയിലാണ് നടി.

പ്രിയനന്ദനൻ സംവിധാനം ചെയ്യുന്ന 'ഭക്തജനങ്ങളുടെ ശ്രദ്ധയ്ക്ക്' എന്ന സിനിമയിൽ കാവ്യാമാധവനൊപ്പം ശ്രദ്ധേയമായ ഒരു വേഷം.

തമിഴിൽ 'പൊള്ളാച്ചി ചന്തയിലെ' എന്ന സിനിമ... അങ്ങനെ ഓണം കഴിഞ്ഞാൽ ഒരുപിടി പടങ്ങളുടെ ഷൂട്ടിങ് തിരക്കിലാവും നടി. മോഹിനിയാട്ടത്തിൽ പി.എച്ച്.ഡി.യെന്ന സ്വപ്നവുമുണ്ട്. വിശ്രുത നർത്തകി കലാമണ്ഡലം ലീലാമ്മയാണ് ഗുരു.

■ വി.ജെ. റാഫി